(ജി) പ്രൊവിഷണൽ ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ജീവനക്കാരിൽ നിന്നും ലഭിച്ചിട്ടുള്ള സീനിയോറിറ്റി തർക്കങ്ങൾ സംബന്ധിച്ച പരാതികൾ പരിശോധിച്ചശേഷം ഫൈനൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സീനിയോറിറ്റി തർക്കം സംബന്ധിച്ച് ഹൈക്കോടതിയിൽ നിലവിലുള്ള ഒ.പി.കളും സീനിയോറിറ്റി ലിസ്റ്റ് ഫൈനലൈസ് ചെയ്യുന്നതിനെ ബാധിച്ചിട്ടുണ്ട്. സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി സെക്രട്ടറിയേറ്റിൽ സ്പെഷ്യൽ സെൽ രൂപീകരിക്കുന്നതിന്റെ ആവശ്യം ഉണ്ടെന്നുകരുതുന്നില്ല.

ഒഴിവുകൾ നികത്താൻ നടപടി

59(266) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗർക്കു വേണ്ടി ആരംഭിച്ച ആറ് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ ഒഴിവുകളും പല ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർമാരുടെയും ഓഫീസ് സ്റ്റാഫിന്റെയും ഒഴിവുകളും നികത്താതെ കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ നികത്താനുള്ള നടപടി സ്വീകരിക്കുമോ ;

(സി) ഡി.പി.സി. കൂടുന്നതിന് വകുപ്പ് തലത്തിൽ ഉണ്ടാകുന്ന കാലതാമസംമൂലം നിയമനം വൈകുന്നതുകൊണ്ട് സംഭവിക്കുന്ന ഓഫീസർമാരുടെ കുറവ് ഓഫീസുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(ഇ) ഡി.പി.സി. കൂടുന്നതിന് സമയപരിധി നിശ്ചയിച്ച് ഒഴിവുകൾ അടിയന്തിരമായി നികത്താൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ലോവർ ഡി.പി.സി. കൂടി തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

ക്ഷേമനിധി ആനുകൂല്യങ്ങൾ

60(267) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly